<u>മണ്ണെണ്ണ വിളക്കുകൾക്ക് പകരം തെരുവോര കച്ചവടക്കാർക്ക് സോളാർ വിളക്ക് നൽകുന്ന പദ്ധതി</u>

സംസ്ഥാനത്തെ തെരുവോര കച്ചവടങ്ങളായ തട്ടുകട, പഴം, പച്ചക്കറി കട, മത്സ്യമാർക്കറ്റ് എന്നിവിടങ്ങളിൽ രാത്രികാലത്ത് ഉപയോഗിക്കുന്നതിനായി ലൈറ്റിനോടൊപ്പം, മൊബൈൽ ചാർജ്ജർ, radio, MP3 പ്ലയർ, LED ടോർച്ച് എന്നിവ ഉൾപ്പെട്ടതും 5 വർഷം വാറണ്ടി ഉള്ളതുമായ സോളാർ പവർ പാക്ക് നൽകുന്ന പദ്ധതി.

അനെർട്ട് തെരുവോര കച്ചവടക്കാർക്കായി പുതിയ തരം സോളാർ വിളക്കിനായി ''ഡിസൈൻ ചലഞ്ച്'' ക്ഷണിക്കുന്നു.

സോളാർ വിളക്കിന് അത്യാവശ്യം വേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 3W LED ലൂമിനറി (കേബിൾ സഹിതം 10M, switch ഉൾപ്പടെ) - 2 സെറ്റ്
2. MP3 പ്ലെയർ, (USB പോർട്ട് സഹിതം)
3. മെബൈൽ ഫോൺചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം
4. 2W ശേഷിയുള്ള ടോർച്ച്
5. പവർ പാക്കിനോടൊപ്പം റേഡിയോ (ഡിജിറ്റൽ display സഹിതം)
6. ലിതിയം ഫെറോഫോസ് ഫേറ്റ് ബാറ്ററി (മുകളിൽ പറഞ്ഞ ഉപകരണങ്ങൾ ദിവസവും 4 മണിക്കൂർ ഉപയോഗിക്കുന്നതിനും കൂടാതെ 2 ദിവസം ആട്ടോണമിയും ഉണ്ടായിരിക്കണം)
7. മുകളിൽ പറഞ്ഞ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് ആവശ്യമായ ശേഷിയുള്ള സോളാർ മൊഡ്യൂൾ (10 M, 2 core കേബിൾ ഉൾപ്പടെ)
8. എല്ലാ ഉൾപ്പെട്ട ഒറ്റ യൂണിറ്റ് ആയിരിക്കണം. പവർ പായ്ക്ക് യൂണിറ്റിന് IP65 പ്രൊട്ടക്ഷൻ ഉണ്ടായിരിക്കണം.
9. AC Supply വഴി ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.
10. സോളാർ ചാർജിംഗ്, A C ചാർജ്ജിംഗ്, ലോ ബാറ്ററി, ബാറ്ററി ചാർജ് ലെവൽ എന്നിവ മനസ്സിലാക്കുന്നതിന് LED ഇൻഡിഗേഷൻ ഉണ്ടായിരിക്കണം.
11. പവർ പാക്കിന്റെ Front പാനലിൽ FM/MP3 സ്വിച്ച്
12. പവർ പാക്കിനോടൊപ്പം 3W LED ലൈറ്റ് ഉറപ്പിക്കുന്നതിന് ഫോൾഡിംഗ് രീതിയിലുള്ള സ്റ്റാന്റ് സംവിധാനം
13. USB ഔട്ട്പുട്ട് സോക്കറ്റ് 5V, 2A
14. എടുത്തുമാറ്റാവുന്ന തരത്തിലുള്ള പവർ പാക്കായിരിക്കണം. ആകർഷകമായ പുറം കവർ ആയിരിക്കണം.
15. സോളാർ പാനൽ, 3W ലൂമിനറി എന്നിവ ഒഴികെ ഉള്ളവ ഒരു യൂണിറ്റ് ആയിരിക്കണം.

ആർക്കൊക്കെ ഈ മത്സരത്തിൽ പങ്കെടുക്കാം

വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഏജൻസികൾ, ഉൽപാദകർ, വ്യവസായികൾ എന്നു തുടങ്ങി എല്ലാ മേഖലകളിൽ ഉള്ളവർക്കും ഇതിൽ പങ്കെടുക്കാം.

നിബന്ധനകൾ

A. Working മോഡൽ ആയിരിക്കണം നൽകേണ്ടത്.

B. നിശ്ചിത തീയതിക്ക് ഉള്ളിൽ ലഭിക്കുന്ന മോഡലുകളിൽ നിന്നും 10 മോഡലുകൾ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യുന്ന 10 മോഡലുകളിൽ നിന്നും ഒന്നാം സമ്മാനമായി 1 ലക്ഷം രൂപയും, രണ്ടാം സമ്മാനമായി 50,000/- രൂപയും, മൂന്നാം സമ്മാനമായി 25,000/- രൂപയും നൽകുന്നതാണ്. കൂടാതെ തെരഞ്ഞെടുക്കുന്ന 7 പേർക്ക് പ്രോത്സാഹന സമ്മാനമായി Rs.10,000/- രൂപ വീതവും നൽകുന്നതാണ്.

C. സമ്മാനാർഹമായ വിളക്കിന്റെ പെർഫോർമൻസ് നോക്കിയ ശേഷം ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ എണ്ണം ലൈറ്റുകൾ ടെൻഡർ മുഖേന വിതരണം ചെയ്യുന്നതാണ്.

D. സോളാർ വിളക്കിനോടൊപ്പം ടെക്നിക്കൽ സ്പെസിഫിക്കേഷൻ കൂടാതെ സോളാർ ലൈറ്റ് യൂണിറ്റിലെ വിവിധ ഘടകങ്ങളുടെ വിശദവിവരവും നൽകേണ്ടതാണ്.

E. സമ്മാനാർഹമായ സോളാർ ലൈറ്റ് യൂണിറ്റുകൾ മാറ്റം വരുത്തിയും അല്ലാതെയും വിതരണം ചെയ്യുന്നതിന് അനെർട്ടിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

F. അനെർട്ടിന്റെ മാർഗരേഖ പ്രകാരം തയ്യാറാക്കിയ സോളാർ വിളക്കുകൾ 2018 ഡിസംബർ മാസം 26 വരെ അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്.

G. കൂടുതൽ വിവരങ്ങൾ അനെർട്ടിന്റെ web site-ൽ (www.anert.gov.in) ലഭ്യമാണ്.

ഡയറക്ടർ